# ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

സപ്തംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5


പ്രിയപ്പെട്ട സഹോദരി സഹോദരന്മാരെ,

പ്രണാമം.

തിരുപ്പൂരിൽ, പൂജ്യ മാസ്റ്ററുടെ 83-ാം ജന്മദിനാഘോഷവേളയിൽ ഇക്കോസ് ഇന്ത്യയുടെ സ്റ്റാളിൽ അനേകം അഭ്യാസികൾ വന്നെത്തിയതിൽ ഞങ്ങൾക്കെല്ലാം വളരെ സന്തോഷം തോന്നി.

ഇക്കോസ് ഇന്ത്യ ന്യൂസ് ലെറ്ററിന് വിവിധ ഭാഷയിലായി 350 ൽ അധികം അഭ്യാസികൾ വരിക്കാരായത് സന്തോഷമുളവാക്കി. ഇക്കോസ് ഇന്ത്യയുടെ കോ-ഓർഡിനേറ്റർമാരുമായും വളണ്ടിയർമാരുമായും ഞങ്ങൾ നടത്തിയ മീറ്റിംഗിൽ, ഏകീകരണത്തിലും വിതരണത്തിലും അവർക്കനുഭവപ്പെടുന്ന പ്രയാസങ്ങൾ അറിയാനായി.

ആഗസ്റ്റ് 12 ന് രാജ്യത്തിൻെറ വിവിധ ഭാഗങ്ങളിൽ, യുണൈറ്റഡ് നാഷൻസിൻെറ ഇൻറർനാഷണൽ യൂത്ത് ഡേയോടനുബന്ധിച്ച് നടത്തിയ പ്രബന്ധരചനയെപ്പറ്റി ഈ പതിപ്പിൽ പ്രതിപാദിക്കുന്നു.

ഇന്തോറിലെ (എം.പി.) പ്രിഫക്റ്റ് മീറ്റിംഗ്, ചിറ്റാനൂർ (എ.പി.) യിൽ മിഷൻ പ്രവർത്തനം തുടങ്ങിയതിനെപ്പറ്റിയുള്ള റിപ്പോർട്ട്, രാംഗർ(ജാർഖണ്ഡ്)ലെ ധ്യാന ഹാൾ ഉദ്ഘാടനം, തുറന്ന സദസ്സ്, അഭ്യാസി പരിശീലന പരിപാടികൾ തുടങ്ങിയ സോണൽ തലത്തിലുള്ള വാർത്തകളും ഇവിടെ പ്രതിപാദിക്കുന്നു.

എല്ലാ വായനക്കാരും വായിക്കുന്നത് ആസ്വദിക്കുന്നുണ്ടെന്നും, മാസ്റ്റർ എല്ലായ്പ്പോഴും പറയാറുള്ളത് 'ആസ്വദിച്ച് വായിക്കുക', 'അനുഷ്ഠിക്കുക, അനുഭവിക്കുക,'-പിന്തുടരുന്നുണ്ടെന്നും ഞങ്ങൾ പ്രത്യാശിക്കുന്നു.

ഉപചാരപൂർവം,
എഡിറ്റോറിയൽ ടീം

## ചെന്നൈ



തിരുപ്പൂരിൽ നിന്ന്, ജന്മദിനാഘോഷത്തിനുശേഷം പൂജ്യ മാസ്റ്റർ ആഗസ്റ്റ് 3-ന് ചെന്നൈയിൽ തിരിച്ചെത്തി. വിമാനത്താവളത്തിൽ തടിച്ചു കൂടിയ അഭ്യാസികൾ അദ്ദേഹത്തിന് ഊഷ്മളമായ വരവേൽപ് നൽകി. ചില പ്രത്യേക കാരണത്താൽ കാറിനടുത്തേക്ക് ദീർഘദൂരം നടക്കേണ്ടിവന്ന അദ്ദേഹം അത് ആസ്വദിച്ചു. ചെറുതും വലുതുമായ പ്രതിബന്ധങ്ങൾ തരണം ചെയ്യുന്നതിനായി അദ്ദേഹം തന്നിൽ വരുത്തുന്ന ക്രമീകരണങ്ങൾ എല്ലാവർക്കും ഒരു പാഠമായിരുന്നു.



'ഡൗൺ മെമ്മറി ലേൻ' എന്ന തൻെറ പുസ്തകത്തിൽ മാസ്റ്റർ ജബൽപൂരിലെ തൻെറ ബാല്യകാല അനുഭവങ്ങളെക്കുറിച്ചും ക്രൈസ്റ്റ് ചർച്ച് സ്കൂളിലെ പഠനകാലത്തെക്കുറിച്ചും വിസ്തരിച്ച് പ്രതിപാദിച്ചിട്ടുണ്ട്. തൻെറ സ്വകാര്യ സംഭാഷണങ്ങളിൽ ആ കാലഘട്ടത്തെക്കുറിച്ച് അദ്ദേഹം വിശദീകരിക്കാറുണ്ട്. താൻ പഠിച്ച ആ വിദ്യാലയത്തിലെ ഇപ്പോഴത്തെ പ്രിൻസിപ്പാൾ ആഗസ്റ്റ് 4-ന് അദ്ദേഹത്തെ സന്ദർശിച്ചത് അദ്ദേഹത്തിന് സന്തോഷമുളവാക്കി.



ജബൽപൂർ ക്രൈസ്റ്റ് ചർച്ച് ബോയ്സ് സീനിയർ സെക്കൻററി സ്കൂളിലെ പ്രിൻസിപ്പാൾ ശ്രീ. എൽ. മാത്യുവും, കൂടെ ജബൽപ്പൂർ ഇടവകയിലെ ബിഷപ്പും ചർച്ച് ഓഫ് ഇന്ത്യ സ്കൂളുകളുടെ ചെയർമാനും ആയ ഡോ. പി. സി. സിംഗും ആണ് സന്ദർശിച്ചത്. ജബൽപ്പൂർ സ്കൂളിൽ ചിലവഴിച്ച തൻെറ ബാല്യകാലത്തെ അനുഭവങ്ങൾ അവരുമായി അദ്ദേഹം പങ്കു വെച്ചു. സന്ദർശകർ ആശ്രമം നടന്നു കാണുകയും അവിടത്തെ ആത്മീയ അന്തരീക്ഷത്തെപ്പറ്റി പറയുകയും തങ്ങളുടെ സന്തോഷം പ്രകടിപ്പിക്കുകയും ചെയ്തു.



രക്ഷാബന്ധൻ ദിനമായ ആഗസ്റ്റ് 5-ന് കുട്ടികളടക്കം ധാരാളം അഭ്യാസികൾ മാസ്റ്ററുടെ കയ്യിൽ രാഖി കെട്ടി. അദ്ദേഹം സന്തോഷപൂർവം അത് സ്വീകരിച്ചു. 'ഗോൾഫ് കാർട്ട്'ലുള്ള തൻെറ വൈകുന്നേരത്തെ യാത്രയിലും രാഖി കെട്ടുവാനും, മധുര പലഹാരങ്ങൾ നൽകുവാനും ധാരാളം പേർ കൂടി നിന്നിരുന്നു.

ആഗസ്റ്റ് 13--16 വരെ നീണ്ട വാരാന്ത്യത്തിൽ ധാരാളം അഭ്യാസികൾ ചെന്നൈയിൽ തടിച്ചുകൂടി. കൃഷ്ണ ജന്മാഷ്ടമി ദിനമായ 13-ന് മാസ്റ്റർ ധ്യാനഹാളിൽ സത്സംഗം നടത്തിയത് അഭ്യാസികളെസന്തോഷിപ്പിച്ചു. ഇന്ത്യയുടെ സ്വാതന്ത്ര്യദിനമായ ആഗസ്റ്റ് 15-ന് പ്രാദേശിക അവധിയായിരുന്നു. ധ്യാനഹാളിൽ മാസ്റ്റർ സത്സംഗം നടത്തി. ഫ്ലൂട്ട് വായനാവിദഗ്ദനായ ബ്രദർ ശശാങ്ക് മാസ്റ്ററുടെ കോട്ടേജിൽ സത്സംഗത്തിനുശേഷം കച്ചേരി നടത്തി എല്ലാവരെയും അത്ഭുതപ്പെടുത്തി. ശ്രേഷ്ഠമായ ആ കച്ചേരി മാസ്റ്റർ വളരെയധികം ആസ്വദിച്ചു.

ആഗസ്റ്റ് 16-ന് സത്സംഗത്തിനായി മാസ്റ്റർ രാവിലെ 7.10-ന് ധ്യാന ഹാളിൽ എത്തി. 7.25 വരെ അദ്ദേഹം ക്ഷമാപൂർവം അഭ്യാസികൾക്കായി കാത്തിരുന്നു. താഴെ പറയുന്ന അറിയിപ്പ് നടത്തി: "ഒരഭ്യാസി ആകുക എന്നത് മഹത്തായ സമ്മാനമാണ്. അതിനേക്കാളും മഹത്തരമാണ് സത്സംഗത്തിൽ പങ്കെടുക്കുക എന്നത്. മാസ്റ്ററുടെ സാന്നിദ്ധ്യത്തിൽ സത്സംഗത്തിൽ പങ്കെടുക്കുക എന്നത് ശ്രേഷ്ഠതരവും സാമ്യതയില്ലാത്തതുമാണ് . ധ്യാനഹാളിൽ മാസ്റ്റർ(അല്ലെങ്കിൽ പ്രിഫക്റ്റ്) വരുന്നതിനു മുപ്പതു മിനിട്ട് മുമ്പായി എത്തുക എന്നത് അഭ്യാസിയുടെ കടമയാണ്.മാസ്റ്ററേയോ പ്രിഫക്റ്റിനേയോ കാത്തിരിത്തുക എന്നത് മര്യാദയല്ല. നാം നേരത്തെ ഹാളിലെത്തി, സത്സംഗത്തിൽ നിന്നും ലഭിക്കേണ്ട ദൈവീക വരപ്രസാദം





ലഭ്യമാക്കുന്നതിന് സ്വയം തയ്യാറാവണം''. ഈ അറിയിപ്പിൻെറ ഫലം അടുത്തയാഴ്ചയിൽ കണ്ടു. മാസ്റ്റർ എത്തുന്നതിനുമുമ്പ് തന്നെ ഹാൾ നിറഞ്ഞിരുന്നു.

സൈ്വൻ ഫ്ലൂവിൻെറ ആശങ്ക കാരണം മാസ്റ്റർ തൻെറ യാത്ര താൽക്കാലികമായി മാറ്റി വെച്ചിരിക്കുകയാണ്. ഇന്ത്യയിൽ നിന്നുള്ള ധാരാളം അഭ്യാസികൾ അദ്ദേഹത്തെ സന്ദർശിക്കുന്നുണ്ട്. സ്വന്തം ഭരണപരമായ ജോലികൾ, പ്രിഫക്റ്റുകളെതയ്യാറാക്കൽ, കോട്ടേജിൽ കാത്തുനിൽക്കുന്ന അഭ്യാസികളെസ്വീകരിക്കൽ തുടങ്ങിയതിലൂടെ മാസ്റ്റർക്ക് വളരെയധികം തിരക്കനുഭവപ്പെട്ടു. തൻെറ ജോലികൾ നിർബ്ബാധം തുടർന്ന് തനിക്കും ക്രമേണ മറ്റുള്ളവർക്കും അദ്ദേഹം നിർണ്ണയിച്ച നിലവാരം അതുല്യമാണ്. അദ്ദേഹത്തിന് ജോലിയോടുള്ള പ്രതിബദ്ധതയിൽനിന്നും, വളരെ ചെറിയ കാര്യങ്ങൾക്കുപോലും കൊടുക്കുന്ന ശ്രദ്ധയിൽനിന്നും നമുക്ക് വളരെയധികം കാര്യങ്ങൾ പഠിക്കാനുണ്ട്.

അഭ്യാസികളുമൊത്തുള്ള അനൗപചാരിക സംഭാഷണങ്ങളിൽനിന്നുമുള്ള ചില മുത്തുകൾ:

1)ടൈംസ് ഓഫ് ഇന്ത്യ യുടെ ചെന്നൈ എഡിഷൻെറ 23, ഞായറാഴ്ച്ചയിലെ പത്രത്തിൽ വന്ന കാർ, ഇരുചക്രവാഹനങ്ങൾ എന്നിവയിലെ ഡ്രൈവർ/ഓടിക്കുന്നയാൾ മൊബൈൽ ഫോൺ ഉപയോഗിക്കുകയാണെങ്കിൽ വണ്ടിയും മൊബൈൽ ഫോണും പിടിച്ചെടുക്കാനുള്ള ചെന്നൈ ഹൈക്കോടതിയുടെ ഉത്തരവു വായിച്ച മാസ്റ്റർ ഇപ്രകാരം പറഞ്ഞു: "തങ്ങളുടെ വാഹനങ്ങൾ ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നതിൽനിന്നും എല്ലാവരെയും ഞാൻ വിലക്കുന്നു. അത്തരം സന്ദർഭങ്ങളിൽ ഫോൺ ഉപയോഗിക്കണമെങ്കിൽ വാഹനം റോഡിൻെറ വശങ്ങളിലേക്ക് മാറ്റിനിർത്തിയതിനു ശേഷമെ സംസാരിക്കാവു''.

2) മാപ്പു കൊടുക്കലും മറക്കലും: "ചെയ്ത തെറ്റിന് പശ്ചാത്തപിക്കുന്ന ഒരാൾക്ക് അങ്ങ് മാപ്പു കൊടുക്കുകയും മറക്കുകയും ചെയ്യാറുണ്ടോ?" എന്ന് ചോദിച്ച അഭ്യാസിയോട് മാസ്റ്റർ ഇങ്ങനെ മറുപടി പറഞ്ഞു:" തൽക്ഷണം ഞാൻ മാപ്പു കൊടുക്കും; പക്ഷേ മറവി ആ വ്യക്തിയെ ആധാരമാക്കിയിരിക്കും. ആ വ്യക്തി ആ ഓർമ്മ കൊണ്ടു നടക്കുന്നിടത്തോളം കാലം എനിക്കു മറക്കാനാവില്ല".

3)അച്ചടക്കത്തെപ്പറ്റി: "ഒരു വ്യക്തിയുടെ അച്ചടക്കം അവനവനിലുള്ള താത്പര്യത്തെ അടിസ്ഥാനമാക്കിയാണ്; അച്ചടക്കരാഹിത്യം, അമിതമായ ആസക്തിയിൽനിന്നും".

## അറിയിപ്പുകൾ



### ഭക്ഷിക്കുന്നതിനു മുമ്പുള്ള പ്രാർത്ഥന നടത്തുന്നതിനായുള്ള മാസ്റ്ററുടെ അഭ്യർത്ഥന

മൊലേന ആശ്രമം, ആഗസ്റ്റ് 2003

"നമ്മുടെ ഭക്ഷണത്തെപ്പറ്റിയും അതിൻെറ പരിശുദ്ധിയെപ്പറ്റിയും നമ്മളെല്ലാം ആകാംക്ഷയുള്ളവരാണ് . കഴിച്ചാൽ നമുക്ക് അസുഖങ്ങളുണ്ടാക്കാത്ത തരത്തിലുള്ള ഭക്ഷണത്തിൻെറ പരിശുദ്ധിയെപ്പറ്റിയല്ല ഞാൻ ഉദ്ദേശിച്ചത്. അവയുടെ ആത്മീയ പരിശുദ്ധിയെയാണ്".

കഴിക്കുന്ന ഭക്ഷണം ആത്മീയമായി നന്മയുണ്ടാക്കുവാനും ഭക്ഷ്യയോഗ്യമാക്കുവാനും നമുക്ക് ബാബുജി ഒരു വഴി പറഞ്ഞു തന്നിട്ടുണ്ട്. അദ്ദേഹം പറഞ്ഞിട്ടുള്ളത്, ഭക്ഷിക്കുന്നതിനു മുമ്പായി ഒരു നിമിഷം ധ്യാനിച്ച്, ഭക്ഷണം നിങ്ങളുടെ മാസ്റ്റർക്ക് സമർപ്പിക്കുവാനാണ്. അപ്രകാരം ആരും ചെയ്യുന്നതായി ഞാൻ കരുതുന്നില്ല; അപ്രകാരം ഒന്ന് ചെയ്യു നോക്കണം. ഭക്ഷിക്കുന്നത് ഒരു സാൻറ്വിച്ചോ, ഒരു ബിസ്കറ്റോ, എന്താണെങ്കിലും അപ്രകാരം ചെയ്യുക. ഒരു നിമിഷനേരത്തേക്ക് കണ്ണുകളടച്ച് മാസ്റ്ററാണ് ഭക്ഷിക്കുന്നത് എന്നു കരുതുക. അപ്പോൾ അത് അമൃതായി മാറുന്നത് നിങ്ങൾക്ക് അറിയാനാകും. അതിനുശേഷം അത് ഇന്ത്യൻ ഭക്ഷണമോ അമേരിക്കൻ ഭക്ഷണമോ അല്ലാതാകും. അത് ഭക്ഷണമേ അല്ലാതാകും. അത് അമൃതാകും. അമൃത് എല്ലാവർക്കും അവകാശപ്പെട്ടതാണ്. ക്രിസ്ത്യൻ അമൃതോ, ഹിന്ദു അമൃതോ, മുസ്ലീം അമൃതോ, ബുദ്ധമത അമൃതോ അല്ല. അമൃത് ദൈവങ്ങളുടേതാണ്.

### സ്കോളർഷിപ് ട്രെയിനിംഗ് പ്രോഗ്രാം, ഇന്ത്യ

ഇന്ത്യയിൽ, അഭ്യാസികൾക്കായുള്ള ആദ്യത്തെ എസ്.ടി.പി. കൊൽക്കത്ത ആശ്രമത്തിൽ വെച്ച് 2009 സെപ്റ്റമ്പർ 26 മുതൽ ഒക്ടോബർ 2 വരെ നടത്തുന്നതായിരിക്കും. ഇംഗ്ലീഷ് മാദ്ധ്യമത്തിൽ നടത്തപ്പെടുന്ന ഈ പരിപാടിക്ക് അവിടെ താമസിച്ച് പങ്കെടുക്കേണ്ടതാണ് .

മിഷൻ പരിപാടികളിൽ കൂടുതൽ ഉത്സാഹത്തോടെ പങ്കെടുക്കുന്നതിനും, തങ്ങളുടെ സാധന കൃത്യമായി ചിട്ടയോടെ പരിശീലിക്കുവാനും, തങ്ങളുടെ കഴിവിൻെറ പരമാവധി മിഷനെ സേവിക്കുവാനും, പുതിയതും വളരുന്നതുമായ സെൻററുകളിലെ അഭ്യാസികളെശിക്ഷണം ചെയ്യുക എന്നീ ലക്ഷ്യത്തോടെയാണ് ഈ പദ്ധതി.

ഈ പരിപാടിക്ക് തുടക്കം കുറിക്കുവാനായി, യു.പി. ഈസ്റ്റ്, വെസ്റ്റ് ബംഗാൾ , ഒറീസ്സ , വടക്കു കിഴക്കുള്ള സംസ്ഥാനങ്ങൾ, ആസ്സാം, ബിഹാർ, ജാർഘണ്ഡ്, ഉത്തരാഘണ്ഡ്, ഛത്തീസ്ഘർ തുടങ്ങിയ സ്ഥലങ്ങളിലെ സോ. ഇൻ. ചാർജ്മാർ പങ്കെടുക്കുവാനുള്ളവരെ തങ്ങളുടെ സോണിൽ നിന്നും തിരഞ്ഞെടുക്കും. ഇവരിൽനിന്നും 30–35 അഭ്യാസികളെആദ്യത്തെ ബാച്ചിലേക്ക് തിരഞ്ഞെടുക്കും.

### റിട്രീറ്റ് സെൻറർ ഷെഡ്യൂൾസ്

2009 ഒക്റ്റോബർ 1–ാം തിയതി മുതൽ എസ്.എം.എസ്.എഫ്. റിട്രീറ്റ് സെൻററുകളിലെ പ്രവേശനത്തിനു മാറ്റം വരുത്തിയിരിക്കുന്നു. അഭ്യാസി സഹോദരികൾക്കും സഹോദരന്മാർക്കും ഇനി മുതൽ ഇടവിട്ടുള്ള മാസങ്ങളിലായിരിക്കും പ്രവേശനം. ഒക്റ്റോബർ 2009, ഡിസമ്പർ 2009, ഫെബ്രുവരി, ഏപ്രിൽ, ജൂൺ, ആഗസ്റ്റ്, ഒക്റ്റോബർ, ഡിസമ്പർ 2010 എന്നീ മാസങ്ങളിൽ സഹോദരിമാർക്കു മാത്രവും, നവമ്പർ 2009, ജനുവരി, മാർച്, മേയ്, ജൂലായ്, സെപ്റ്റമ്പർ, നവമ്പർ 2010 തുടങ്ങിയ മാസങ്ങളിൽ സഹോദര അഭ്യാസികൾക്കും മാത്രവുമായിരിക്കും പ്രവേശനം.

മുൻ കൂട്ടിയുള്ള അനുമതി ലഭിച്ചിട്ടുള്ളവർ പുതിയ നിർദ്ദേശമനുസരിച്ച് തങ്ങൾക്കായി അനുവദിച്ച ദിവസങ്ങളിൽ മാറ്റം വരുത്തണം. എല്ലാവർക്കും പ്രത്യേകമായി ഇ– മെയിൽ മുഖേന മാറ്റിയ ദിവസങ്ങൾ അറിയിക്കും. ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങൾ retreat@sahajmarg.org എന്ന വിലാസത്തിലേക്കയക്കുക.. റിട്രീറ്റ് സെൻററിൽ കുട്ടികളുടെ സാന്നിദ്ധ്യം ഒരു സമയത്തും അനുവദനീയമല്ല.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽതല പ്രവർത്തനങ്ങൾ
സപ്തംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5

## ക്രെസ്റ്റ്, ബാംഗ്ലൂർ – മൂന്നാംവാർഷികം



ആഗസ്റ്റ് 9–ന് ബാംഗ്ലൂരിൽ ക്രെസ്റ്റിന്റെ മൂന്നാം വാർഷികം വളണ്ടിയർമാരും ഭാരവാഹികളും അദ്ധ്യാപകരും ചേർന്ന് ആഘോഷിച്ചു. 2006 ആഗസ്റ്റ് 9–ന് രണ്ടാഴ്ചത്തെ പരിപാടിയോടുകൂടി ബാംഗ്ലൂരിൽ മാസ്റ്റർ ക്രെസ്റ്റ് ഉദ്ഘാടനം ചെയ്തു. ഈ വർഷത്തെ ആഘോഷം രാവിലത്തെ സത്സംഗംത്തോടുകൂടി ആരംഭിച്ച് ഉച്ചക്ക് ഭക്ഷണത്തോടുകൂടി അവസാനിച്ചു. 110 അഭ്യാസികളും ഡയറക്റ്റർ ജഗന്നാഥനും അതിൽ പങ്കെടുത്തു. 'മിഷനിൽ സേവനവും അതിന്റെ വിവിധ വശങ്ങളും' എന്ന വിഷയത്തെപ്പറ്റി ചർച്ച നടന്നു. ചർച്ചയെ നയിച്ചത് സ. ഭാസ്കർ റാവ്, സ. കെ.ടി. മഞ്ചുനാഥ്, സ. സുബ്രമണി എന്നിവരായിരുന്നു. സ. ബി. ശ്രീനിവാസ് ചർച്ചയെ സംയമിച്ചു. ചർച്ചയിൽ വിദഗ്ദർ അവരുടെ അഭിപ്രായങ്ങളും ചിന്തയും അവതരിപ്പിച്ചു. പ്രേക്ഷകരുടെ സംശയങ്ങൾക്ക് ഉത്തരം നൽകുകയും ചെയ്തു. വ്യവസ്ഥിതമായ സാധനയുടെയും മാസ്റ്ററിൽ ശരണമടയുന്നതിന്റെയും പ്രാധാന്യം ആവർത്തിച്ചു വ്യക്തമാക്കി. അതിനുശേഷം ഒരു പാട്ടും, പുല്ലാംകുഴൽ കച്ചേരിയും,'യഥാർത്ഥ മൂല്യം' എന്ന ഒരു ചെറിയ നാടകവും പ്രദർശിപ്പിച്ചു. അസിസ്റ്റൻറ് ഡയറക്റ്റർ സ. പ്രമോദ് ജോഷി നന്ദിപ്രകടനം നടത്തി.ഈ പരിപാടി എല്ലാവരിലും മാസ്റ്ററോടുള്ള സ്നേഹം വളർത്താനും സഹജമാർഗ്ഗത്തെപ്പറ്റി കൂടുതൽ തീവ്രതയുണ്ടാക്കാനും സഹായിച്ചു.

## മെഡിറ്റേഷൻ ഹാൾ ഉദ്ഘാടനം, രാംഗർ, ഝാർഖണ്ഡ്

രാംഗർ കേന്ദ്രത്തിലെ അഭ്യാസികൾക്ക് ആഗസ്റ്റ് 8ന് ഒരു സുദിനമായിരുന്നു. 1970 ൽ തുടങ്ങി സഹജമാർഗ്ഗം പരിശീലിക്കുന്ന സ. രാജ് നാഥ് തിവാരി, മാസ്റ്ററുടെ അനുഗ്രഹത്താൽ ഇവിടത്തെ മെഡിറ്റേഷൻ ഹാൾ ഉദ്ഘാടനം ചെയ്തു. സോ. ഇൻ. ചാ. ശ്രീ. ഭട്നാഗരും അടുത്തുള്ള പല കേന്ദ്രത്തിൽ നിന്നുള്ള അഭ്യാസികളും സന്നിഹിതരായിരുന്നു. ഉദ്ഘാടനത്തിനുശേഷം സത്സംഗം നടത്തി. പ്രാതലിനുശേഷം തുടങ്ങിയ അഭ്യാസി ട്രെയിനിംഗ് പ്രോഗ്രാമിൽ ധ്യാനം, ശുദ്ധീകരണം, പ്രാർത്ഥന, നിരന്തരസ്മരണ എന്നീ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. സ. പരമാനന്ദ് പാണ്ടേയും സ.അൽപന തിവാരിയും ഈ വിഷയങ്ങളെപ്പറ്റി ക്ലാസ്സ് എടുത്തു. അതിനുശേഷം റാഞ്ചി കേന്ദ്രത്തിലെ സ. അനിത തിവാരി ഒരു വാങ്മൂല പരീക്ഷ നടത്തി. പിന്നീട് 'മാസ്റ്റർ എന്താണ്' എന്ന വീഡിയോ പ്രദർശിപ്പിച്ചു. അതേ സമയത്ത് മറ്റൊരു മുറിയിൽ സോൺ 17 ലെ പ്രിസപ്റ്റർമാരുടെ മീറ്റിംഗ് നടക്കുന്നുണ്ടായിരുന്നു. മാസ്റ്റർ തിരുപ്പൂരിൽ നിർദ്ദേശിച്ച പെരുമാറ്റചട്ടം, സോണിന്റെ മാസാന്തര റിപ്പോർട്ട്, സ്മൃതി പരിപാടികൾ, അദ്ധ്യാപക പരിശീലനം, മൂല്യാധിഷ്ഠിത വിദ്യാഭ്യാസം, ഇക്കോ പത്രം എന്നിവയായിരുന്നു വിഷയങ്ങൾ. വൈകുന്നേരം സത്സംഗത്തിനുശേഷം കുട്ടികളുടെ ഒരു സംഗീത പരിപാടി ഉണ്ടായിരുന്നു. അടുത്ത ദിവസത്തെ പരിപാടി സത്സംഗത്തോടുകൂടി തുടങ്ങി. അതിനുശേഷം നടത്തിയ 'തുറന്ന ചർച്ചാ വേദി'യിൽ ഏകദേശം 30 പേർ പങ്കെടുത്തു. അതിൽ 15 പേർ മിഷനിൽ ചേർന്നു. 5 പേർ ഉടനെതന്നെ ചേരുന്നതാണ്. ഈ രണ്ടു ദിവസത്തെ പരിപാടിയിൽ ഏകദേശം 200 പേർ പങ്കെടുത്തു.

## ഗോദാവരിഘനി (എ.പി) – ഭണ്ഡാരയിൽ നിന്നുള്ള പാഠങ്ങൾ

2009 ആഗസ്റ്റ് 19–ന് ഗോദാവരി ഘനി കേന്ദ്രത്തിൽ ഒരു ദിവസത്തെ പരിപാടി ആവിഷ്കരിച്ചു. ഇതിൽ ഏകദേശം 125 അഭ്യാസികൾ പങ്കെടുത്തു. തിരുപ്പൂരിൽ മാസ്റ്ററുടെ ജന്മദിനാഘോഷത്തിൽ പങ്കെടുത്തപ്പോൾ ഉണ്ടായ അനുഭവങ്ങളും അതിൽ നിന്നും പഠിച്ച പാഠങ്ങളുമായിരുന്നു പ്രധാന ചർച്ചാ വിഷയങ്ങൾ. അഭ്യാസികൾക്ക് അവിടെ ഉണ്ടായ അനുഭവങ്ങളും പാഠങ്ങളും താഴെ വിവരിക്കുന്നു.

★ മാസ്റ്ററെ വ്യക്തിപരമായി സന്ദർശിക്കാൻ കഴിഞ്ഞാലും ഇല്ലെങ്കിലും അദ്ദേഹവുമായി ആന്തരിക അടുപ്പം അനുഭവപ്പെട്ടു.

★ അവിടെനിന്നും തിരിച്ചുവന്നതിനു ശേഷം ഹൃദയത്തിൽ ആത്മീയതയോടുള്ള അതീവ താൽപര്യം കൂടുകയും ഭൗതികതയോടുള്ള ബന്ധനം കുറഞ്ഞു വരുന്നതായും തോന്നി.

★ ഭണ്ഡാരക്കുശേഷം സത്സംഗത്തിലും, തനിച്ചുള്ള ധ്യാനത്തിലും ശാന്തിക്ക് ആഴം കൂടി വരുന്നതായി തോന്നി.

★ ഭണ്ഡാര നടക്കുന്ന സ്ഥലത്ത് ചുരുക്കം വളണ്ടിയർമാരെ ഉപയോഗിച്ച് കൂടുതൽ കാര്യം ചെയ്തു തീർക്കുന്നതു കണ്ട് അഭ്യാസികൾ സന്തോഷിക്കുകയും ആസ്വദിക്കുകയും ചെയ്തു. കൂട്ടായ്മയുടെ ഫലദായകത്വമാണിത് കാണിക്കുന്നത്. എല്ലാ കേന്ദ്രത്തിലും ഈ ബോധവും മനോഭാവവും നിലനിർത്തണം.

★ തിരുപ്പൂരിൽ ദൃശ്യമായതുപോലെ എല്ലാവരെയും ഒരുപോലെ സഹോദരങ്ങളായി കാണണം. അങ്ങനെയല്ലാതെ പ്രാദേശിക അഭ്യാസികളേയും പുറത്തു നിന്നു വരുന്ന അഭ്യാസികളേയും വ്യത്യസ്ഥമായി കാണരുത്.

ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽതല പ്രവർത്തനങ്ങൾ
സപ്തംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5

# അഖിലേന്ത്യാ ഉപന്യാസ രചന

മനുഷ്യ സമൂഹത്തിന്റെ ഭാവി നിർണ്ണയിക്കുന്നതു യുവാക്കളും കുട്ടികളും ആയതിനാൽ അവരുടെ കാര്യങ്ങൾക്കു മാസ്റ്റർ വളരെ അധികം പ്രാധാന്യം കൽപിക്കുന്നുണ്ട്. ഐക്യ രാഷ്ട്ര സഭയുടെ 2009 ലെ യുവ ദിനമായ ആഗസ്റ്റ് 12നു ഒരു ഉപന്യാസ രചനാ പരിപാടി എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ശ്രീ രാം ചന്ദ്ര മിഷന്റെ കേന്ദ്രങ്ങളിലും നടത്തുകയുണ്ടായി. ഇന്ത്യയിലും ഭൂട്ടാനിലും ഐക്യ രാഷ്ട്ര സഭയുടെ വാർത്താ വിതരണ വിഭാഗവും ശ്രീ രാം ചന്ദ്ര മിഷനും ചേർന്നാണു ഈ പരിപാടി നടത്തിയത്. സ്നേഹം, സഹിഷ്ണുത തുടങ്ങിയ സദാചാര മൂല്യങ്ങളെപറ്റി യുവാക്കളിലും കുട്ടികളിലും ബോധം വളർത്തി എടുക്കുകയും, അത്തരം ആദർശങ്ങളെപറ്റി ചിന്തിക്കുവാൻ അവരെ തൽപരരാക്കുകയും ആണ് ഈ പരിപാടിയുടെ ഉദ്ദേശം. ലോകത്തിൽ ആകമാനം ഒരു മാനവ രാശിയെ വളർത്തിയെടുക്കുകയും, ഭാഷ തുടങ്ങിയ പരിമിതികൾ മറികടക്കുകയും ഉദ്ദേശമാക്കി ഈ പരിപാടി 13 പ്രാദേശിക ഭാഷകളിൽ സംവിധാനം ചെയ്തു. രാജ്യത്താകമാനം സ്കൂളുകളിലും കോളേജുകളിലും ഇതു വളരെ ഉത്സാഹപൂർവം സ്വീകരിക്കപ്പെട്ടു.

കേരളത്തിൽ, സോണൽ ആശ്രമത്തിൽ വിവിധ കേന്ദ്രങ്ങളിൽ നിന്നു വന്ന 140 വളണ്ടിയർമാർക്കു ഈ പരിപാടി എപ്രകാരം നടത്തണമെന്നതിനെ പറ്റി വിപുലമായ വിവരണം നൽകി. ഈ പരിപാടിയിൽ കേരളത്തിലെ എകദേശം 1000 വിദ്യാഭ്യാസ കേന്ദ്രങ്ങൾ പങ്കെടുത്തു. ഈ പരിപാടിയെ പറ്റിയുള്ള വാൾ പോസ്റ്ററുകൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രമുഖ സ്ഥലങ്ങളിൽ പ്രദർശിപ്പിച്ചിരുന്നു. തത്ഫലമായി സരളമായ, പക്ഷെ ചിന്താജനകമായ ഉപന്യാസ വിഷയങ്ങൾ വിദ്യാർഥികളിലും അധ്യാപകരിലും മാതാപിതാക്കളിലും താൽപര്യവും ജിജ്ഞാസയും വളർത്തി. അതിന്റെ ഫലമായി അവരിൽ പലർക്കും മിഷനെ പറ്റി കൂടുതൽ വിവരങ്ങൾ അറിയാനുള്ള താൽപര്യം ജനിച്ചിട്ടുണ്ട്. ചില സ്കൂളുകൾ ഈ പരിപാടിക്കു ശേഷം അവരുടെ സ്കൂളിൽ വിദ്യാർഥികളിൽ സദാചാര മൂല്യങ്ങൾ വളർത്തിയെടുക്കാനുള്ള പരിപാടികൾ മിഷൻ നടത്തി കൊടുക്കണമെന്നു ആവശ്യപ്പെട്ടിട്ടുണ്ട്. വളണ്ടിയർമാർ ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നു ഉപന്യാസങ്ങൾ ശേഖരിച്ചു കൊണ്ടിരിക്കുകയാണ്. സെപ്റ്റംബറിൽ ആലുവ ആശ്രമത്തിൽ വെച്ചു ഈ ഉപന്യാസങ്ങൾ പ്രാഥമിക മൂല്യ നിർണയം നടത്തി അവയിൽ നിന്നു തിരഞ്ഞെടുക്കപ്പെട്ട ഉപന്യാസങ്ങൾ അഖിലേന്ത്യ തലത്തിൽ മൂല്യ നിർണ്ണയത്തിനായി അയക്കുന്നതാണ്.





അഹമ്മദാബാദിൽ 203 സ്ഥാപനങ്ങൾ പങ്കെടുത്തു. ഹിന്ദി, ഇംഗ്ലിഷ്, ഗുജറാത്തി എന്നീ ഭാഷകളിൽ എകദേശം 9700 ഉപന്യാസങ്ങൾ ശേഖരിച്ചിട്ടുണ്ട്. ഈ കേന്ദ്രത്തെ ആറായി വിഭജിച്ച് വളണ്ടിയർമാർ അവർക്കു നൽകപ്പെട്ട ജോലികളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അഹമ്മദാബാദിൽ ഇത് ആദ്യമായിട്ടാണു നടത്തുന്നത്. സ്ഥാപനങ്ങളിൽ നിന്നു നല്ലവിധത്തിലുള്ള പ്രതികരണം ലഭിച്ചിട്ടുണ്ട്.

വഡോദര കേന്ദ്രത്തിൽ 55 സ്ഥാപനങ്ങളിൽ നിന്ന് എകദേശം 5700 വിദ്യാർഥികൾ പങ്കെടുത്തു. 20 വളണ്ടിയർമാർ ഇതിനായി ശ്രദ്ധാപൂർവം പ്രവർത്തിച്ചു. ഉപന്യാസങ്ങൾ ഹിന്ദി, ഇംഗ്ലിഷ്, ഗുജറാത്തി എന്നീ ഭാഷകളിൽ എഴുതിയിട്ടുണ്ട്. അവയുടെ മൂല്യനിർണയം നടത്തി കൊണ്ടിരിക്കുകയാണ്.

തെക്കൻ കർണാടകത്തിൽ എകദേശം 30–40 വളൻറിയർമാർ പല വിദ്യാഭ്യാസ സ്ഥാപനങ്ങളെയും സമീപിച്ച് ഈ പരിപാടിയിൽ പങ്കെടുക്കുവാൻ അഭ്യർഥിച്ചു. പല സ്കൂളുകളിലും വിദ്യാർഥികളിൽ സദാചാരമൂല്യം വളർത്തിയെടുക്കാൻ ഉതകുന്ന പദ്ധതികൾ ആരാഞ്ഞു കൊണ്ടിരിക്കുകയാൽ അവർ ഈ പരിപാടിയിൽ വളരെ അധികം താത്പര്യം കാണിച്ചു. എകദേശം 600 വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇപ്പോൾ തെക്കൻ കർണ്ണാടകത്തിൽ ഇതിൽ പങ്കെടുക്കുന്നുണ്ട്. സ്കൂൾ, സംസ്ഥാന, അഖിലേന്ത്യാ തലത്തിൽ എറ്റവും നല്ല ഉപന്യാസങ്ങൾ തിരഞ്ഞെടുക്കുവാനുള്ള ശ്രമം ഉടനെ ആരംഭിക്കുന്നതാണ്.

## ചിറ്റാനൂർ സെൻററിന്റെ വളർച്ച, എ.പി:



ആന്ധ്രാപ്രദേശിലെ മെഹബൂബ് നഗർ ജില്ലയിലെ ഒരു ചെറിയ ഗ്രാമമാണു ചിറ്റാനൂർ. 1991ൽ രണ്ട് അഭ്യാസികളുമായാണ് ഈ കേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ 35 അഭ്യാസികളുണ്ട്. മിക്കവരും ദിവസക്കൂലിക്കു പ്രവർത്തിക്കുന്നവരാണ്. അഭ്യാസികളുടെ എണ്ണം കൂടി വരുന്നതിനാൽ ഇപ്പോൾ അവർ ഒന്നിച്ചു കൂടുന്ന സ്ഥലം മതിയാകാതെ വന്നു. ഈ പ്രശ്നം തീർക്കുന്നതിനായി രണ്ട് അഭ്യാസികൾ ഒരു ചെറിയ സ്ഥലം(18 അടി *30 അടി) വാങ്ങിച്ചു, അവിടെ ഒരു ഷെഡ് പണിയാനായി(മെഡിറ്റേഷൻ ഹാൾ) മാസ്റ്ററുടെ അനുവാദം വാങ്ങിച്ചു. ഒരു വർഷത്തിനു ശേഷം ഈ ഷെഡിന്റെ പണി പൂർത്തിയാകുകയും, 2009 ആഗസ്റ്റ് 16നു അവിടെ സത്സംഗം നടത്താൻ മാസ്റ്റർ അവർക്കു അനുവാദം നൽകുകയും ചെയ്തു. മെഹബൂബ് നഗർ ജില്ലയിലെ അഭ്യാസികൾക്കു ഇതൊരു സുദിനമായിരുന്നു. കാരണം ആ ജില്ലയിൽ അഭ്യാസികൾക്കു സ്വന്തമായി ഒരു സ്ഥലവും മെഡിറ്റേഷൻ ഹാളും ഉണ്ടാകുന്നത് ഇതാദ്യമായിട്ടായിരുന്നു. ചുറ്റു പ്രദേശങ്ങളിൽ നിന്ന് എകദേശം 75 അഭ്യാസികൾ അന്നത്തെ പരിപാടിയിൽ പങ്കെടുത്തു. സ്നേഹവും വിശ്വാസവും ആത്മാർഥമായ പ്രവർത്തനവും ഉണ്ടെങ്കിൽ ഏറ്റവും ചുരുങ്ങിയ ചിലവിൽ ധ്യാനത്തിനായി ഒരു ഹാൾ പണിയുവാൻ കഴിയുമെന്നതിന്റെ ഉത്തമ ഉദാഹരണമാണ് ചിറ്റാനൂർ മെഡിറ്റേഷൻ ഹാൾ എന്ന് ഒരു അഭ്യാസി അദ്ദേഹത്തിന്റെ പ്രസംഗത്തിൽ വിവരിച്ചു.

ശ്രീ രാം ചന്ദ്ര മിഷൻ®

# ഇക്കോസ് ഇന്ത്യ

സോണൽതല പ്രവർത്തനങ്ങൾ

സപ്തംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5


## ശിൽപശാല – മാംഗ്ലൂർ



2009 ആഗസ്റ്റ് 9–ാം തീയതി മാംഗ്ലൂർ സെൻററിൽ വച്ച് സഹോദരൻ മോഹൻദാസ് ഒരു ശിൽപശാല നടത്തി. ഏകദേശം 35 അഭ്യാസികൾ ഇതിൽ പങ്കെടുത്തിരുന്നു.

സത്സംഗത്തിനുശേഷം "കർത്തവ്യവും ഉത്തരവാദിത്വവും" എന്ന വിഷയത്തെ അധികരിച്ച് മാസ്റ്റർ നടത്തിയ പ്രഭാഷണം അടങ്ങിയ ഡിവിഡിയുടെ പ്രദർശനം ഉണ്ടായി. ഭണ്ഡാരകളിൽ പങ്കെടുക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ചും ഭണ്ഡാരകളിൽ നിന്ന് ആർജ്ജിതമാകുന്ന അവസ്ഥയെ സ്മരണയിലൂടെ നിലനിർത്തേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയും ഈ ശിൽപശാലയിൽ പ്രതിപാദിക്കപ്പെടുകയുണ്ടായി. ഡിവിഡിയിലെ പ്രഭാഷണത്തിൽ, മാസ്റ്റർ സ്വഭാവ രൂപീകരണത്തിൻെറ പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കവേ "പ്രേമവും ഭക്തിയും മറ്റുള്ളവരിൽ ജനിപ്പിക്കത്തക്കവിധം ജീവിക്കുക" എന്ന സൂക്തം പ്രയോഗത്തിൽ വരുത്താൻ എല്ലാവരും പരിശ്രമിക്കണമെന്ന് അഭിപ്രായപ്പെട്ടു. ലക്ഷ്യ പ്രാപ്തിക്കായി സ്വഭാവത്തെ മാറ്റിയെടുക്കാൻ നാം നമ്മുടെ ഇച്ഛാശക്തി ഉപയോഗിക്കണമെന്നും അദ്ദേഹം കൂട്ടിചേർത്തു.

മാനവ പരിണാമത്തിൽ ഗുരുവിൻെറ പങ്ക്, പരിശീലനത്തിൽ പുലർത്തേണ്ട സ്ഥിരത തുടങ്ങിയ വിഷയങ്ങളെഅധികരിച്ചും ചർച്ചയുണ്ടായി. കിടക്കുമ്പോൾ ചെയ്യേണ്ട പ്രാർത്ഥനയുടെ ശരിയായ രീതിയെക്കുറിച്ചും വിശദീകരണം നൽകപ്പെടുകയുണ്ടായി ആശ്രമത്തിൻെറ വളർച്ച എങ്ങനെ സാധ്യമാക്കാം എന്നതിനെപ്പറ്റിയും ചർച്ച നടക്കുകയുണ്ടായി.

## ഭോപ്പാൽ – മധ്യപ്രദേശിലെ പ്രിസെപ്റ്റർമാരുടെ യോഗം

9 വർഷങ്ങൾക്ക് ശേഷമാണ് ഈ യോഗം 2009 ആഗസ്റ്റ് 15–ന് ഭോപ്പാലിൽ നടന്നത്. പ്രിസെപ്റ്റർമാരുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പ്രധാനപ്പെട്ട പല കാര്യങ്ങളും അവലോകനം ചെയ്യപ്പെടുകയും വരും മാസങ്ങളിൽ ചെയ്യേണ്ട പരിപാടികൾ തയ്യാറാക്കപ്പെടുകയും ചെയ്തു.

❖ പ്രിസെപ്റ്റർമാർ സ്വയമേവ ചെയ്യേണ്ട സാധനയുടെ പ്രാധാന്യത്തിനും അവരുടെ അനുഭവങ്ങൾക്കും ഈ യോഗത്തിൽ ഊന്നൽ നൽകിയിരുന്നു.
❖ മിഷനിലെ ആശയവിനിമയം എളുപ്പമേറിയതാക്കുന്നതിനായി ഇ–മെയിൽ ഉപയോഗിക്കണമെന്ന അഭിപ്രായം ഉണ്ടായി.
❖ എസ്.എം.ആർ.ടി.ഐയുടെ പ്രവർത്തന രൂപരേഖയുടെയും, സോണൽ തല പ്രവൃത്തികളുടെ രൂപരേഖയുടെയും ഒരവലോകനം ഉണ്ടായിരുന്നു.
❖ ഹെഡ്ക്വാർട്ടേർസിൽ നിന്നും പുറപ്പെടുവിച്ച സുരക്ഷാ നിർദ്ദേശങ്ങൾ എങ്ങനെ നടപ്പിലാക്കാം എന്നതിനെക്കുറിച്ച് ഒരു വിശദീകരണം ഉണ്ടായിരുന്നു.
❖ വിവിധ പ്രവർത്തനങ്ങൾ കൈകാര്യം ചെയ്യുന്നതിൽ സെൻറർ ഇൻ ചാർജ്ജുമാർ വഹിക്കേണ്ട പങ്ക്, വിവിധ ആശ്രമങ്ങളുടെ നിർമ്മാണ പൂർത്തീകരണം, കോർപ്പസ് മെമ്പർഷിപ്പ്, തുറന്ന സദസ്സുകൾ, പരിശീലന പരിപാടികൾ, വിദൂര സ്ഥലങ്ങളിലുള്ള സെൻററുകളിൽ പ്രിസെപ്റ്റർമാർ സന്ദർശിക്കേണ്ടതിൻെറ പ്രാധാന്യം, മാസം തോറുമുള്ള പ്രിസെപ്റ്റർമാരുടെ യോഗം ചേരൽ തുടങ്ങിയ വിവിധ വിഷയങ്ങളെക്കുറിച്ച് സോണൽ ഇൻ ചാർജ്ജ് സഹോ. വികൽപ് അവലോകനം നടത്തി.
❖ "സോണിനായുള്ള കാഴ്ചപ്പാട്" എന്ന വിഷയത്തെയധികരിച്ച് സംസാരിച്ച സഹോ. സച്ചിൻ സോണിൻെറ ഭാവി പരിപാടികൾ എങ്ങനെയായിരിക്കണമെന്നതിൻെറ സ്ഥൂലമായ ഒരു ചിത്രം എല്ലാവർക്കും നൽകി.

## ഇൻഡോർ

ജൂലായ് 5–ാം തിയ്യതി ഞായറാഴ്ച ഇൻഡോർ സെൻററിൽ "മാനവിക പരിവർത്തന"ത്തെ ആസ്പദമാക്കി ഒരു പ്രത്യേക പരിപാടി സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയോട് അനുബന്ധിച്ചുള്ള പല



വിഷയങ്ങളെക്കുറിച്ചും അനവധി പേർ സംസാരിച്ചു. സാധനയിലൂടെ എങ്ങനെ സ്വയം നിംനമായ അവസ്ഥയിൽ നിന്നും മഹത്തായ അവസ്ഥയിലേക്ക് നമ്മൾ മാറുന്നു എന്ന് സഹോ. സിൻഹ "ആന്തരിക യാത്ര" എന്ന വിഷയത്തെക്കുറിച്ച് സംസാരിക്കവെ പറയുകയുണ്ടായി. അദ്ദേഹത്തിൻെറ സ്വപ്നത്തിനനുസരിച്ച് ഈ ലോകത്തെ മാറ്റിയെടുക്കുന്നതിനായി "സ്നേഹവും സഹോദര്യവും" വളർത്തിയെടുക്കേണ്ടതിൻെറ പ്രാധാന്യത്തെക്കുറിച്ച് സഹോ. ശ്രീവാസ്തവ സംസാരിക്കുകയുണ്ടായി. "മാസ്റ്ററോടുള്ള സ്നേഹമാണ്" ആത്മീയ പുരോഗതിക്കായ് ഏറ്റവും നല്ല മാർഗ്ഗമെന്ന് സഹോദരന്മാർ അവിനാഷും രാജേഷും അഭിപ്രായപ്പെട്ടു. സ്നേഹം അതിൻെറ യഥാർത്ഥ ലക്ഷ്യമായ "ഈശ്വര"നിലേക്കാണ് തിരിച്ച് വിടേണ്ടത്. പരിപാടിയുടെ സമാപനത്തിൽ സോണൽ ഇൻ ചാർജ് സഹോ.വികൽപ് ചില പവർ പോയിൻറ് പ്രസൻേറഷനുകളും, ലഘുചിത്രങ്ങളും, ഒരു ക്വിസ്സും നടത്തുകയുണ്ടായി. ആത്മീയ പുരോഗതിയെ ആസ്പദമാക്കി നടന്ന ചർച്ച പങ്കെടുത്തവരെ വളരെയധികം സഹായിച്ചു. ഈ പരിപാടിയിൽ 400–ഓളം അഭ്യാസികൾ പങ്കെടുത്തിരുന്നു. ഇത് സാധാരണ മുഴുദിന പരിപാടികൾക്കുണ്ടാകാറുള്ള എണ്ണത്തിനേക്കാൾ കൂടുതലായിരുന്നു.

## നാഗ്പൂരിലെ അഭ്യാസി പരിശീലന പരിപാടി, മഹാരാഷ്ട്ര

വിദർഭയിലെ അഭ്യാസികൾക്കായി എസ്.എം.ആർ.ടി.ഐ പരിശീലന പരിപാടി 2009 ജൂൺ 28–ന് നാഗ്പൂരിൽ സംഘടിപ്പിച്ചു. നാഗ്പൂരിൽ നിന്നുള്ള സഹോ. അനസൂയ രാമചന്ദ്രനെ ഈ പരിപാടി സംഘടിപ്പിക്കുവാനായി ക്ഷണിച്ചിരുന്നു.
നാഗ്പൂരിലെയും, പരിസരത്തുള്ള മറ്റ് ഏഴ് സെൻററുകളിലെയും ഏകദേശം മുപ്പത് അഭ്യാസികൾ ഇതിൽ പങ്കെടുത്തു. പരിശീലകരും അഭ്യാസികളും തമ്മിലുള്ള സംവേദനപ്രക്രിയ ഈ പരിപാടി ദിവസം മുഴുവനും ജീവസ്സുറ്റതാക്കിതീർത്തു.

നവാഗതരായ അഭ്യാസികളുടെ സംശയങ്ങൾ ചോദ്യോത്തരവേളയിൽ സഹോ. അനസൂയ ദൂരീകരിച്ചു കൊടുത്തു. ഈ പരിപാടിയിൽ പങ്കെടുത്തവരിൽ നിന്നുള്ള പ്രതികരണം വളരെ നല്ലതായിരുന്നു. അവർ അത് പ്രകടിപ്പിക്കുകയും ചെയ്തു. എല്ലാവരും പരിപാടിയുടെ ഉള്ളടക്കത്തെ പ്രകീർത്തിക്കുകയും സമാനമായ പരിപാടികൾ പതിവായി നടത്തപ്പെടേണ്ടതിൻെറ ആവശ്യകതയെപ്പറ്റി എടുത്തുപറയുകയും ചെയ്തു. ഒരു വർഷത്തിൽ കൂടുതലായി പരിശീലനം നടത്തുന്ന അഭ്യാസികൾക്കും ഇത്തരം പരിപാടികൾ പ്രയോജനം ചെയ്യപ്പെടുമെന്ന് ചിലർ അഭിപ്രായപ്പെട്ടു.



ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽതല പ്രവർത്തനങ്ങൾ
സപ്റ്റംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5

## ഉത്തര കർണ്ണാടകയിലെ തുറന്ന സദസ്സുകൾ

ഉത്തര കർണ്ണാടകയിലെ ബ്യാഡഗി, ഹാവേരി, റാണിബെന്നൂർ, ഗദഗ്, ഗുൽബർഗ്ഗ എന്നിവിടങ്ങളിൽ തുറന്ന സദസ്സുകൾ സംഘടിപ്പിക്കുകയുണ്ടായി. മാസ്റ്റർ, മിഷൻ, മെത്തേഡ്(രീതി) എന്നീ വിഷയങ്ങളേക്കുറിച്ച് സഹോദരന്മാർ കഷാംപുർക്കർ, ഗജേന്ദ്ര, 9സഹോദരി സുജാത എന്നിവർ സംസാരിച്ചു. ഈ പരിപാടിയോടുള്ള പ്രതികരണം വളരെ നല്ലതായിരുന്നു. പങ്കെടുത്തവരിൽ പലരും സഹജമാർഗ്ഗത്തിൽ ചേരാൻ താത്പര്യം പ്രകടിപ്പിച്ചു.



ഗുൽബർഗ്ഗയിലെ മദർ തെരേസ ബി.എഡ് കോളേജിൽ സഹോ. ഗൗതം അല്ലിപൂരും സഹോ. മഹേഷ് ദേശ്പാണ്ഡേയും തുറന്ന സദസ്സ് സംഘടിപ്പിക്കുകയുണ്ടായി. നൂറോളം വിദ്യാർത്ഥികൾ ഇതിൽ പങ്കെടുത്തു. ഈ പരിപാടി സശ്രദ്ധം വീക്ഷിച്ച അവർ ചോദിച്ച ചോദ്യങ്ങൾക്ക് സംഘാടകർ വിശദീകരണം നൽകി.



ഹാവേരി ജില്ലയിലെ റാണിബെന്നൂരിൽ നിന്നും 20 കി.മി അകലെ സ്ഥിതി ചെയ്യുന്ന ബ്യാഡഗിയിൽ ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കപ്പെടുകയുണ്ടായി. എം.ഡി.എച് സ്കൂളിൽ വെച്ച് നടത്തപ്പെട്ട ഈ പരിപാടിയിൽ പങ്കെടുത്ത മുപ്പതോളം പേരിൽ മിക്കവരും അധ്യാപകരായിരുന്നു. നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന മൂല്യങ്ങളെസമൂഹത്തിലേക്ക് തിരിച്ച് കൊണ്ടുവരാൻ സഹജമാർഗ്ഗം



പോലെയുള്ള പാതകൾ പിന്തുടരണമെന്ന് പ്രധാനധ്യാപിക തൻെറ പ്രഭാഷണത്തിൽ സൂചിപ്പിച്ചു.

ഹൂബ്ലിയിൽ നിന്നും 75 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഹാവേരിയിലെ സമുദായ ഭവനിൽ ജൂൺ 27-ാം തീയതി സഹോ. സുജാത കേശവ ഒരു തുറന്ന സദസ്സ് സംഘടിപ്പിച്ചു. സ്ത്രീകളും പുരുഷന്മാരുമായി മുപ്പതോളം പേർ ഇതിൽ പങ്കെടുത്തു. ദാവനഗരയിൽ നിന്നുള്ള വിനായക് എന്ന യുവ അഭ്യാസി സഹജമാർഗ്ഗവുമായി ബന്ധപ്പെട്ട അദ്ദേഹത്തിൻെറ അനുഭവം പങ്കുവെച്ചു. തൻെറ പരിചയക്കാരെ മുഴുവൻ ഈ പരിപാടിയിൽ പങ്കെടുപ്പിക്കുവാൻ ഉത്സാഹം കാണിച്ച അദ്ദേഹം , "മാറ്റ" ത്തെക്കുറിച്ചുള്ള മാസ്റ്ററുടെ കാഴ്ചപ്പാടിനെ ഒഴുക്കോടെ അവതരിപ്പിച്ചു. ഈ പരിപാടി ഭംഗിയായി സംഘടിപ്പിക്കുവാൻ ഇൻഫോർമേഷൻ ഓഫീസറായ സഹോ. മയാചാരിന് സാധിച്ചു.




ഹാവേരിയിലെ ഒരു പ്രധാന സ്ഥലമാണ് റാണിബെന്നൂർ. ഹാവേരിയിൽ നിന്നും 40 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന ഇവിടെ ജൂനിയർ ചേമ്പർ ഇൻറർനാഷണലിൻെറ സഹകരണത്തോടു കൂടി ഒരു തുറന്ന സദസ്സ് സംഘടിപ്പിക്കുകയുണ്ടായി. മുപ്പത്തഞ്ചോളം യുവാക്കളും യുവസംരഭകരും ഇതിൽ പങ്കെടുത്തു. ധ്യാനം- സഹജമാർഗ്ഗ രീതി എന്നതായിരുന്നു വിഷയം. സമാപന പ്രസംഗം നടത്തിയ വനിതാ ഡോക്ടർ കൂടിയായ സംഘടനയുടെ പ്രസിഡൻറ് ധ്യാനത്തിൻെറ മുഖ്യ ആശയത്തെ അംഗീകരിക്കുകയും മാനവരാശിക്ക് ഇന്നാവശ്യമായ മാറ്റത്തെക്കുറിച്ച് പരാമർശിക്കുകയും ചെയ്തു.

ഗുൽബർഗ്ഗയിലെ സഹോദരി ഹരികുമാരി ചൗധയുടെ വസതിയിൽ വെച്ച് ജൂലായ് 6-ന് ഒരു കുടുംബസദസ്സ് സംഘടിപ്പിക്കുകയുണ്ടായി. ഈ പരിപാടിയിൽ പങ്കെടുത്ത 19 പേരിൽ അധികവും ഗുജറാത്തി വിഭാഗത്തിൽപ്പെട്ട സ്ത്രീകളായിരുന്നു. സഹജമാർഗ്ഗത്തിനെപ്പറ്റിയുള്ള ഒരാമുഖം സഹോ. ഹരികുമാരി നൽകി. ആത്മീയത എന്തിന്, സഹജമാർഗ്ഗം എന്തിന്, ജീവിച്ചിരിക്കുന്ന ഗുരുവിൻെറ പ്രാധാന്യം തുടങ്ങിയ വിഷയങ്ങളെപ്പറ്റി സഹോ. ലക്ഷ്മി ചൗഹാൻ സംസാരിച്ചു. പിന്നീട് സഹോ. റമോല ചൗധ "ശുദ്ധീകരണ"ത്തെപ്പറ്റി പ്രഭാഷണം നടത്തി. പൂർണ്ണമായും കുടുംബാന്തരീക്ഷത്തിൽ നടത്തപ്പെട്ട ഈ പരിപാടിയിൽ ചെയ്ത ഭാഷണങ്ങളെല്ലാം ഗുജറാത്തിയിലായിരുന്നു.

"നിങ്ങൾക്ക് ഏതെങ്കിലും തരത്തിലുള്ള ബുദ്ധിമുട്ടനുഭവപ്പെടുകയോ അകപ്പെട്ടുപ്പോവുകയോ അതോ സഹിക്കാനാകാത്ത രീതിയിൽ സന്തോഷഭരിതരാകുകയോ ചെയ്താൽ അത് പ്രാർത്ഥനയുടെ സമയത്തോ അല്ലെങ്കിൽ ഏതെങ്കിലും സമയത്ത് എവിടെയെങ്കിലും വച്ച് അദ്ദേഹത്തോട് പറയുക, അണു നിമിഷത്തിനുള്ളിൽ അത് ഇല്ലാതാകുന്നതാണ്".

ദസ് സ്പീക്സ്
ബാബുജി, പേജ് 32



ശ്രീ രാം ചന്ദ്ര മിഷൻ®
ഇക്കോസ് ഇന്ത്യ
സോണൽതല പ്രവർത്തനങ്ങൾ
സപ്തംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5

## വി.ബി.എസ്.ഇ സംരംഭം – സോലാപൂർ, മഹാരാഷ്ട്ര



സോലാപൂർ സെൻറർ എസ്.എം.ആർ.ടി.ഐയുടെ മൂല്യാധിഷ്ഠിത വിദ്യാഭ്യാസത്തിനെ അടിസ്ഥാനമാക്കി 1 മുതൽ 7 വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്കായി ഒരു പുതിയ സംരംഭം തുടങ്ങുകയുണ്ടായി. ഈ സിലബസ് ഒരു വർഷത്തിനുള്ളിൽ മാസംതോറും ഒരു ഞായറാഴ്ച വച്ച് ക്ലാസ്സുകൾ നടത്താനാണ് ഉദ്ദേശിക്കുന്നത്.
2009 ജൂലായ് 12–ാം തീയതി സിന്ധു വിഹാർ പ്രദേശത്തുള്ള കുട്ടികളെധ്യാന മന്ദിരത്തിൽ കൊണ്ടുപോയി. അധ്യാപികമാരായ സഹോ. ശുഭദയും ഛായയും അവിടെ എത്തിയ 59 കുട്ടികളെയും വീഡിയോ കഥകളിലൂടെ കഠിനാധ്വാനം, ഐക്യം, സഹോദര്യം, സൗഹൃദം, പങ്കുവയ്ക്കൽ എന്നിവയുടെ പ്രാധാന്യത്തെപ്പറ്റി അവരെ പഠിപ്പിച്ചു. സഹോ. സ്നേഹൽ അവരെ ഈ പരിപാടിയിൽ സഹായിച്ചു. കുട്ടികളോട് കഥയുടെ സാരാംശം വിശദീകരിക്കാൻ ആവശ്യപ്പെട്ടപ്പോൾ എല്ലാവരെയും അത്ഭുതപ്പെടുത്തിക്കൊണ്ട് അവർ അതു മുതിർന്നവരെക്കാൾ നന്നായി വിശദീകരിച്ചു.

ദിവസേനയുള്ള വ്യായാമത്തിൻെറ പ്രാധാന്യം അവരെ പറഞ്ഞു മനസ്സിലാക്കുകയുണ്ടായി. ഇതിൻെറ ഫലമായി അവർ യൂത്ത് ഫോറം വളൻറിയർമാർ അടുത്ത മാസം നടത്തുന്ന കായിക പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി പേരുകൾ നൽകുകയുണ്ടായി.

ഈ പരിപാടിയിൽ കുട്ടികൾ കാണിച്ച ഉത്സാഹം ഇത്തരം പരിപാടികൾ ഇനിയും നടത്തുന്നതിനായി പ്രചോദനമായി. എല്ലാ കുട്ടികളും അഭ്യാസികളുടെ മക്കളായിരുന്നില്ലെങ്കിലും അവർ മിഷൻെറ ഇംഗ്ലീഷിലുള്ള പ്രാർത്ഥന പഠിച്ചത് വളരെ ഹൃദയസ്പർശിയായിരുന്നു.

## റെസിഡൻഷ്യൽ ക്യാമ്പ് – സോണൽ ആശ്രമം, തുംകുണ്ട, ഹൈദരാബാദ്

2009 ആഗസ്റ്റ് 7 മുതൽ 9 വരെയുള്ള ദിവസങ്ങളിൽ അഞ്ചു വർഷം പൂർത്തിയാക്കിയ അഭ്യാസികൾക്കായി ഒരു റെസിഡൻഷ്യൽ പ്രോഗ്രാം നടത്തുകയുണ്ടായി.

ഈ ക്യാമ്പിൻെറ ഉദ്ദേശം ഇന്നത്തെ മത്സര ബുദ്ധിയുള്ള ലോകത്തിൽ എങ്ങനെ സഹജ മാർഗ്ഗ രീതി ഉപയോഗിക്കാം എന്നതായിരുന്നു. ദിവസേനയുള്ള സാധനയുടെ ആവശ്യകതയ്ക്കും അതു ശരിയായ രീതിയിൽ ചെയ്യേണ്ടതിൻെറ പ്രാധാന്യത്തിനും ഊന്നൽ നൽകുകയുണ്ടായി. താത്പര്യത്തോടും അർപ്പണമനോഭാവത്തോടും പ്രതിജ്ഞാബദ്ധതയോടും കൂടി സാധന ചെയ്യുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ചെറു സംഘങ്ങളായി ചേർന്ന് ചർച്ചചെയ്യുവാനും തീരുമാനിച്ചു.

ജീവിത സമ്മർദ്ദങ്ങൾ, രാത്രി കാല ജോലി, മനോഭാവം, ഇച്ഛാശക്തിയില്ലായ്മ അലസത എന്നിവമൂലം തങ്ങളുടെ സാധന മുന്നോട്ട് കൊണ്ടുപോകുന്നതിൽ വിഷമം നേരിട്ട പതിനെട്ട് അഭ്യാസികൾ ഈ പരിപാടിയിൽ പങ്കെടുത്തു.

എല്ലാവരും ആശ്രമത്തിൽ തങ്ങളുടെ പ്രശ്നങ്ങളും ചിന്തകളും പങ്കിട്ട് സഹജ മാർഗ്ഗം ഉദ്ഘോഷിക്കുന്ന രീതിയിലുള്ള ജീവിതം നയിച്ചു. അവരുടെ മനസ്സു തുറന്നുള്ള സമീപനത്താൽ അവർക്കു അവരുടെ പ്രശ്നങ്ങളെനേരിടാനുള്ള രീതികൾ അവരുടെ ഇടയിൽ നിന്നു തന്നെ കണ്ടെത്തുവാൻ കഴിഞ്ഞു. വളരെ ശാന്തമായ അന്തരീക്ഷത്തിൽ സിറ്റിങ്ങുകൾ നടത്തുകയുണ്ടായി. തങ്ങളുടെ സാധനയെ കുറിച്ചുള്ള സംശയങ്ങൾ അകറ്റുവാൻ ഉതകുന്ന രീതിയിൽ ഓരോ അഭ്യാസിക്കും ഏറെസമയം ലഭിക്കുകയുണ്ടായി.

പങ്കെടുത്തവർ ഈ പരിപാടിയിലെ ഇൻഡിവിജ്വൽ സിറ്റിങ്ങുകളും ചർച്ചകളും അവർക്കു വളരെയധികം ഉപകാരപ്രദമായിരുന്നു എന്ന് അഭിപ്രായപ്പെട്ടു. തങ്ങളുടെ ദൈനംദിന സാധന നല്ല രീതിയിൽ മുൻപോട്ട് കൊണ്ടുപോകുമെന്ന് എല്ലാവരും പ്രതിജ്ഞയെടുത്തു. സാധന മുന്നോട്ട് കൊണ്ടുപോകുന്നതിലുള്ള മാനവിക പരാജയങ്ങളെഅടിസ്ഥാനമാക്കിയുള്ള വിമർശനങ്ങളാൽ നിറഞ്ഞിരുന്ന അന്തരീക്ഷത്തെ ലഘൂകരിക്കുന്ന രീതിയിൽ ഒരു നാടകം അവിടെ അരങ്ങേറുകയുണ്ടായി. പങ്കെടുത്തവരുടെയും സംഘാടകരുടെയും അഭിപ്രായ പ്രകടനത്തിനും അവലോകനത്തിനും ശേഷം ക്യാമ്പ് ഞായറാഴ്ച വൈകിട്ട് ആറുമണിക്ക് അവസാനിച്ചു.

## ഓസ്മാനിയ മെഡിക്കൽ കോളേജിൽ നടത്തിയ ശിൽപശാല

ഹൈദരാബാദ് സെൻററിൽ നിന്നുള്ള വി.ബി.എസ്.ഇ ടീം അംഗങ്ങൾ ഓസ്മാനിയ മെഡിക്കൽ കോളേജിൽ മൂന്നു മണിക്കൂർ നീണ്ടു നിന്ന ഒരു ശിൽപശാല ആഗസ്റ്റ് 4–ാം തീയതി നടത്തുകയുണ്ടായി. 200 പുതിയ വിദ്യാർത്ഥികളായിരുന്നു സദസ്സിൽ ഉണ്ടായിരുന്നത്. ആദ്യത്തെ പ്രഭാഷകൻ ജീവിതത്തെ കുറിച്ചുള്ള വീക്ഷണം എന്ന വിഷയത്തിനെ ആസ്പദമാക്കി ദൈനംദിന ഉദാഹരണങ്ങൾ വച്ച് ചർച്ചചെയ്തു. അടുത്തയാൾ സംസാരിച്ചത് വ്യക്തിപരമായ ലക്ഷ്യങ്ങൾ വയ്ക്കുന്നതിനെക്കുറിച്ചും അതു നേടുവാൻ ഉപയോഗിക്കേണ്ട രീതികളെക്കുറിച്ചുമാണ്. അദ്ദേഹം മനോഭാവം, ധൈര്യം, മനസ്സിൻെറ നിയന്ത്രണം എന്നീ വിഷയങ്ങളെക്കുറിച്ചും സംസാരിക്കുകയുണ്ടായി. ഒരു ചെറു വീഡിയോ പ്രദർശനത്തോടു കൂടി പരിപാടി അവസാനിച്ചു.
കുട്ടികളിൽ നിന്നുമുള്ള അഭിപ്രായങ്ങൾ ആദ്യമൊക്കെ മന്ദഗതിയിലായിരുന്നെങ്കിലും ( ഇത് മെഡിക്കൽ കോളേജിലുള്ള അവരുടെ രണ്ടാം ദിവസമായിരുന്നു) പിന്നീട് അത് ശരിയായി. പങ്കെടുത്ത എല്ലാവരും ഈ പരിപാടിയിൽ പങ്കെടുക്കാൻ പറ്റിയതിൽ നന്ദിയും സന്തോഷവും രേഖപ്പെടുത്തിയതോടൊപ്പം ചില അഭിപ്രായങ്ങളും ഇതിൽ നിന്നും ലഭിച്ചു:
" ഈ പരിപാടി എൻെറ ജീവിതം തന്നെ മാറ്റിമറിച്ചു"
"... ഒരു വളരെ നിർണ്ണായക നിമിഷത്തിലാണ് ഇത് ലഭിച്ചത്"
"........ഞാൻ എന്താണെന്നും ഈ സമൂഹത്തിനോടുള്ള എൻെറ കടപ്പാടെന്താണെന്നും ഞാൻ തിരിച്ചറിഞ്ഞു"
"... ജീവിതത്തിൽ തെളിച്ചം ലഭിച്ചു"
"........ എൻെറ ആത്മാവിനാണ് ഏറ്റവും പ്രാധാന്യം എന്നു തിരിച്ചറിഞ്ഞു".

ഇത്തരം പരിപാടികൾ ഇടവേളകൾക്കുശേഷം ഇനിയും സംഘടിപ്പിക്കണമെന്ന പലരും അഭിപ്രായപ്പെട്ടു. ഇതിൽ ഏറ്റവും ഹൃദയസ്പർശിയായ അഭ്യർത്ഥന ഇത്തരം പരിപാടികൾ മറ്റു സ്കൂളുകളിലും കോളേജുകളിലും പ്രത്യേകിച്ചും ഗ്രാമങ്ങളിലും ചെറു പട്ടണങ്ങളിലും നടത്തണമെന്നും അതു വഴി മറ്റുള്ളവർക്കായുള്ള അവരുടെ വേദന അറിയുവാൻ കഴിഞ്ഞതുമാണ്.

ശ്രീ രാം ചന്ദ്ര മിഷൻ®
# ഇക്കോസ് ഇന്ത്യ
പ്രകാശ കേന്ദ്രങ്ങൾ

സപ്തംബർ 2009 സ്വകാര്യ പ്രചരണത്തിനു മാത്രം വാല്യം 2 ലക്കം 5










## ആർ.കെ. പുരത്തിലുള്ള ഡൽഹി ആശ്രമം

1958–ലാണ് ഡൽഹിയിൽ സെൻറർ ആരംഭിച്ചത്. രാഷ്ട്ര തലസ്ഥാനത്തിൽ എസ്.ആർ.സി.എം. പരിപാടികൾക്കായി കുറേ കാലത്തേക്ക് സ്ഥിരമായി ഒരു ആസ്ഥാനമില്ലായിരുന്നു. 1996 നവംബർ 6–ാം തിയ്യതി ഡൽഹി ഗവർൺമെൻറിൽ നിന്നും എസ്.ആർ.സി.എമ്മിന് ആർ.കെ പുരത്തിലെ സെക്റ്റർ 4–ൽ 900 ചതുരശ്ര യാർഡ് ഭൂമി ലഭിച്ചു. ഭാരത സർക്കാറിൻെറ വിദ്യാഭ്യാസ, സാംസ്കാരിക വകുപ്പ് 1986–ൽ ശ്രീ രാം ചന്ദ്ര മിഷനെ യോഗ പഠിപ്പിക്കുന്ന ഒരു സ്ഥാപനമായി അംഗീകരിച്ചിരുന്നു, ഇതിൻെറ പശ്ചാത്തലത്തിലാണ് ഈ ഭൂമി നൽകിയത്. 1986 നവംബർ 16–ന് പൂജ്യ മാസ്റ്റർ അദ്ദേഹത്തിൻെറ പത്നി സഹോദരി സുലോചനയുമൊത്ത് ഈ സ്ഥലം സന്ദർശിക്കുകയും, വൃക്ഷലതാദികൾ നടുകയും ചെയ്തിരുന്നു.

1987–ലെ ബസന്ത് പഞ്ചമി ദിവസമായ ഫബ്രുവരി 3–ന് ആശ്രമത്തിനു വേണ്ടി തറക്കല്ലിട്ടു. ഈ വേളയിൽ അദ്ദേഹം ഇങ്ങനെ പറഞ്ഞു, "സ്നേഹം രൂപത്തിലല്ല; ഏതിൻെറയും സത്തയിലാണ്, ഉദാഹരണമായി, നാമെന്തെങ്കിലും ഒരു പീടികയിൽ നിന്നും വാങ്ങുകയാണെങ്കിൽ പൊതിഞ്ഞ കടലാസിനല്ല നമ്മൾ വിലമതിക്കുന്നത് അതിൻെറ ഉള്ളിൽ ഉള്ള വസ്തുവിനെയാണ്. പുറം ചട്ട കീറി ചവറ്റുകുട്ടയിലിടുന്നവരാണ് ആധുനിക ജനത. ഉള്ളിൽ അടങ്ങിയിരിക്കുന്നതിനെയാണ് നാം ഇഷ്ടപ്പെടുന്നത്. അതു തന്നെയാണ് മാസ്റ്റർക്കും വേണ്ടത്– നമ്മുടെ ഉള്ളിൽ അടങ്ങിയിരുക്കുന്നതിനെ".
ജർമ്മനിയിലെ ആർക്കിടെക്റ്റായ സഹോ. ഓട്ടോ സ്റ്റീഡിലാണ് ഈ ആശ്രമം രൂപ കൽപന ചെയ്തത്. 1987–ൽ പ്ലാനെല്ലാം തയ്യാറായിരുന്നുവെങ്കിലും, കെട്ടിട നിർമ്മാണത്തിന് അനുമതി ലഭിക്കുവാൻ 1989 വരെ കാത്തിരിക്കേണ്ടി വന്നു. ഈ കാലയളവിൽ സത്സംഗം ഒരു താത്കാലിക ടെൻറിലായിരുന്നു നടത്തിയിരുന്നത്. മാസ്റ്റർ ഡൽഹി സന്ദർശന വേളയിൽ സഫ്ദർജംഗ് എൻക്ലേവിലുള്ള സഹോ. എം.എം. കപൂറിൻെറ വസതിയിൽ താമസിച്ചിരുന്നപ്പോൾ അദ്ദേഹം മാനുകളുടെ പാർക്ക് മുറിച്ചു നടന്നു കൊണ്ടാണ് സത്സംഗവേദിയിൽ എത്തിയിരുന്നത്. ഈ പാർക്കിൽ യാതൊരു പേടിയും കൂടാതെ മയിലുകൾ നടക്കുന്ന കാഴ്ച മാസ്റ്റർ വിദേശത്ത് നിന്നും വന്ന അഭ്യാസികൾക്ക് കാണിച്ചു കൊടുക്കുമായിരുന്നു. ഇത്തരം ഒരവസരത്തിൽ പീലിയും വിടർത്തി തിരിഞ്ഞു നിന്നിരുന്ന ഒരു മയിലിനോട് "തിരിഞ്ഞു നിൽക്കൂ" എന്നു മൃദുലമായി മാസ്റ്റർ പറഞ്ഞത് കേട്ടതനുസരിച്ച്കൊണ്ട് മയിൽ തിരിഞ്ഞു നിന്നു.



സ്ഥലപരിമിതിമൂലം നാലു തട്ടുകളിലായിട്ടാണ് ആശ്രമമുള്ളത്, അതിൽ ബേസ്മൻറ് പുറം സ്ഥലങ്ങളിൽ നിന്നു വരുന്ന സന്ദർശകർക്കായുള്ള താമസസ്ഥലമായാണ് ഉപയോഗിക്കുന്നത്. 1991 ഒക്ടോബർ 13–ാം തിയ്യതി ഈ താഴത്തെ നിലയിൽ വെച്ച് മാസ്റ്റർ ആദ്യത്തെ സത്സംഗം സംഘടിപ്പിച്ചു. ഗ്രൗണ്ട് ഫ്ലോറും അതിൻെറ മുകളിലെ ഗ്യാലറിയും സത്സംഗത്തിനും പിന്നെ ഒത്തു ചേരലുകൾക്കുമായി ഉപയോഗിക്കുന്നു. ഇവിടെ മാസ്റ്റർക്കായി രണ്ടു മുറികളുള്ള ഒരു അപ്പാർട്മെൻറും ഉണ്ട്. 1991 ഡിസംബർ രണ്ടാം തീയ്യതി മാസ്റ്റർ ആദ്യമായി ഇവിടെ തങ്ങി.

ഒന്നാമത്തെ നിലയിൽ കോൺക്രീറ്റ് വാർക്കുന്നതിൻെറ ജോലി നോക്കുവാനായി മാസ്റ്റർ പോയിരുന്നു. തള്ളി നിന്ന കോൺക്രീറ്റ് കമ്പിയിലെ ഒരു ബൈൻഡിംഗ് വയറിൽ തട്ടി അദ്ദേഹത്തിൻെറ വിരൽ മുറിഞ്ഞ് രക്തം വന്നു. ഇതിനെ സരസമായെടുക്കുവാൻ അദ്ദേഹം തമാശ രൂപേണ ഇങ്ങിനെ പറഞ്ഞു "എനിയ്ക്ക് ഈ നിസ്സാരമായ മുറിവ് പറ്റിയത് നന്നായി, അല്ലെങ്കിൽ ഇവിടെ ജോലി ചെയ്യുന്ന വേറെ ആർക്കെങ്കിലും വളരെ ഗുരുതരമായ ഒരു പരിക്കേൽക്കുമായിരുന്നു."
1992–ൽ പൂർത്തീകരിച്ച ആശ്രമത്തിലെ സത്സംഗത്തിൻെറ അംശബലം 40–ൽ നിന്നും 300 ആയി കൂടി. ഡൽഹിയിലെ അഭ്യാസികൾ വളരെ ഉദാരമായി സംഭാവന ചെയ്തും അവരുടെ വിജ്ഞാനത്തിലൂടെയും ആശ്രമം കെട്ടിപടുക്കുന്നതിനായി സഹായിച്ചു. ഈ ആശ്രമം മാസ്റ്ററുടെ ഉത്തരേന്ത്യൻ (വിദേശ) യാത്രകൾക്കായിട്ടുള്ള ഒരു ഇടത്താവളമാണ്. 1998–ൽ ഡൽഹിയിലെ ഇന്ദ്രപ്രസ്ഥ സ്റ്റേഡിയത്തിൽ വച്ച് നടത്തിയ മാസ്റ്ററുടെ ജന്മദിനാഘോഷ വേളയിലെ പ്രവർത്തികൾക്കെല്ലാം ഈ ആശ്രമം സാക്ഷ്യം വഹിച്ചു. 2001 ജൂൺ 15–ന് റജിസ്റ്റർ ചെയ്ത ഗൂർഗൗണിലെ പാലം ഫാംസിൽ സ്ഥിതി ചെയ്യുന്ന സോണൽ ആശ്രമം വന്നതിനു ശേഷം ഈ ആശ്രമത്തെ ആർ.കെ.പുരം ആശ്രമം എന്ന പേരിലാണ് അറിയപ്പെടുന്നത്.
ന്യൂ ഡൽഹി റെയിൽവെ സ്റ്റേഷനിൽ നിന്നും പാലം വിമാന താവളത്തിൽ നിന്നും 15 കിലോമീറ്റർ ദൂരത്തിലാണ് ഈ ആശ്രമം സ്ഥിതി ചെയ്യുന്നത്. സൗകര്യ പ്രദമായ ഒരു സ്ഥലത്തായതുകൊണ്ട് സത്കോലിലേക്കുള്ള യാത്രക്കിടയിലും തിരിച്ചു വരുമ്പോഴും എല്ലാവരും ഉപയോഗിച്ചു വരുന്ന ഒരു ഇടത്താവളമായി മാറിയിട്ടുണ്ട് ആർ.കെ.പുരത്തെ ആശ്രമം.





**To download or subscribe to this newsletter, please visit http://www.sahajmarg.org/newsletter/india**
**For feedback, suggestions and news articles please send email to in.newsletter@srcm.org**

© 2009 Shri Ram Chandra Mission ("SRCM"). All rights reserved.
"Shri Ram Chandra Mission", "Sahaj Marg", "SRCM", "Constant Remembrance" and the Mission's Emblem are registered Trademarks of Shri Ram Chandra Mission.This Newsletter is intended exclusively for the members of SRCM. The views expressed in the various articles are provided by various volunteers and are not necessarily those of SRCM.